## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2723 **06/02/2018**-ലെ മറുപടി

## കുടിവെള്ള പദ്ധതികൾ

| ചോദ്യം<br>**ശ്രീ.അബ്ദുൾ ഹമീദ്** | | മറുപടി<br>മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മുന്നിയൂർ, ചേലേമ്പ്ര, പെരുവള്ളൂർ എന്നീ പഞ്ചായത്തുകളിൽ കാലഹരണപ്പെട്ട ജലവിതരണ മെയിൻ ലൈൻ എസി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | കാലപ്പഴക്കത്താൽ നാശോന്മുഖമായ എസി പൈപ്പ് ലൈനുകൾ മൂലം ജലം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | .ഉണ്ട് . |
| സി) | പ്രസ്തുത പദ്ധതിയിൽ കാക്കഞ്ചേരി മുതൽ ഇത്തിളാംകുന്ന് വരെയും മറ്റ് പൈപ്പ് ലൈനുകളും മാറ്റുന്നത് സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എടുത്ത നടപടി വിശദമാക്കാമോ; | സി) | പ്രസ്തുത പദ്ധതിയിൽ കാക്കഞ്ചേരി മുതൽ ഇത്തിളാംകുന്ന് വരെ പൈപ്പ് ലൈനുകൾ മാറ്റുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| ഡി ) | പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനായി ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ വെളിപ്പെടുത്തുമോ? | ഡി) | പുതിയ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ